# ഇഹപര ഗുണം ഒന്നിച്ച് ലഭിക്കാൻ...

## സാരസമ്പൂർണ്ണമായ പ്രാർത്ഥന

اللّٰهُمَّ اغْفِرْ لِي وَارْحَمْنِي
وَاهْدِنِي وَعَافِنِي
وَارْزُقْنِي

അബൂ തൈമിയ്യ ഹനീഫ് ബാവ

حفظه الله

ISLAMBOOKS.IN

# ഇഹപര ഗുണം
# ഒന്നിച്ച് ലഭിക്കാൻ...
## സാരസമ്പൂർണ്ണമായ പ്രാർത്ഥന

اللّٰهُمَّ اغْفِرْ لِي وَارْحَمْنِي
وَاهْدِنِي وَعَافِنِي
وَارْزُقْنِي

**അബൂ തൈമിയ്യ ഹനീഫ് ബാവ**
حفظه الله

| | |
|---|---|
| അല്ലാഹുവേ നീ എന്നോട് പൊറുക്കണേ, | اللّهُمَّ اغْفِرْ لِي |
| നീ എന്നോട് കരുണചെയ്യണേ, | وَارْحَمْنِي |
| നീ എന്നെ നേർവഴി നയിക്കണേ, | وَاهْدِنِي |
| നീ എനിക്ക് സൗഖ്യം നൽകണേ, | وَعَافِنِي |
| നീ എനിക്ക് വിഭവം നൽകണേ. | وَارْزُقْنِي |

عن أَبِي مَالِكٍ الْأَشْجَعِيِّ عَنْ أَبِيهِ قَالَ:
كَانَ الرَّجُلُ إِذَا أَسْلَمَ عَلَّمَهُ النَّبِيُّ ﷺ الصَّلَاةَ ثُمَّ أَمَرَهُ أَنْ يَدْعُوَ بِهَؤُلَاءِ الْكَلِمَاتِ:
"اللَّهُمَّ اغْفِرْ لِي، وَارْحَمْنِي، وَاهْدِنِي، وَعَافِنِي، وَارْزُقْنِي"
(رواه مسلم)

അബൂ മാലിക് അൽ അശ്ജഈ തന്റെ പിതാവിൽ നിന്ന് നിവേദനം. അദ്ദേഹം പറയുന്നു: ഒരാൾ ഇസ്‌ലാം സ്വീകരിച്ചാൽ നബി ﷺ അദ്ദേഹത്തിന് നമസ്കാരം പഠിപ്പിച്ചുകൊടുക്കുകയും പിന്നെ ഈ വചനങ്ങൾകൊണ്ട് ദുആ ചെയ്യാൻ കൽപ്പിക്കുകയും ചെയ്യുമായിരുന്നു: "അല്ലാഹുവേ നീ എന്നോട് പൊറുക്കണേ, നീ എന്നോട് കരുണചെയ്യണേ, നീ എന്നെ നേർവഴി നയിക്കണേ, നീ എനിക്ക് സൗഖ്യം നൽകണേ, നീ എനിക്ക് വിഭവം നൽകണേ."

(മുസ്‌ലിം സ്വഹീഹിൽ ഉദ്ധരിച്ചത്)

عن أَبِي مَالِكٍ عَنْ أَبِيهِ أَنَّهُ سَمِعَ النَّبِيَّ ﷺ وَأَتَاهُ رَجُلٌ فَقَالَ:
يَا رَسُولَ اللهِ كَيْفَ أَقُولُ حِينَ أَسْأَلُ رَبِّي؟
قَالَ: "قُلِ: اللَّهُمَّ اغْفِرْ لِي، وَارْحَمْنِي، وَعَافِنِي، وَارْزُقْنِي"
وَيَجْمَعُ أَصَابِعَهُ إِلَّا الْإِبْهَامَ "فَإِنَّ هَؤُلَاءِ تَجْمَعُ لَكَ دُنْيَاكَ وَآخِرَتَكَ"
(رواه مسلم)

അബൂ മാലിക്, അദ്ദേഹത്തിന്റെ പിതാവിൽ നിന്ന് നിവേദനം. നബി ﷺ യുടെ അടുക്കൽ ഒരാൾ വന്നുചോദിച്ചത് അദ്ദേഹം കേട്ടു: അല്ലാഹുവിന്റെ റസൂലേ, എന്റെ റബ്ബിനോട് ചോദിക്കുന്ന നേരത്ത് എങ്ങനെയാണ് ഞാൻ പറയേണ്ടത്? അവിടുന്ന് പ്രതിവചിച്ചു: "നീ പറയൂ, അല്ലാഹുവേ നീ എന്നോട് പൊറുക്കണേ, നീ എന്നോട് കരുണചെയ്യണേ, നീ എനിക്ക് സൗഖ്യം നൽകണേ, നീ എനിക്ക് വിഭവം നൽകണേ." എന്നിട്ട് തന്റെ തള്ളവിരലൊഴികെ മറ്റെല്ലാ വിരലുകളും ചേർത്തുപിടിച്ചുകൊണ്ട് അവിടുന്ന് പറഞ്ഞു: "നിശ്ചയ മായും ഈ വചനങ്ങൾ നിനക്ക് നിന്റെ ഇഹലോകവും പരലോകവും ഒന്നിച്ചു ഗുണം നൽകും." (മുസ്‌ലിം സ്വഹീഹിൽ ഉദ്ധരിച്ചത്)

ഇബ്നുമാജഃയുടെ രിവായത്തിൽ (فَإِنَّ هَؤُلَاءِ يَجْمَعْنَ لَكَ دِينَكَ وَدُنْيَاكَ) ഈ വചനങ്ങൾ നിനക്ക് നിന്റെ ദീനും ദുനിയാവും ഒന്നിച്ചു ഗുണം നൽകും എന്നുകാണാം.

عَن ابْنِ عَبَّاسٍ أَنَّ النَّبِيَّ ﷺ كَانَ يَقُولُ بَيْنَ السَّجْدَتَيْنِ:
"اللَّهُمَّ اغْفِرْ لِي، وَارْحَمْنِي، وَعَافِنِي، وَاهْدِنِي، وَارْزُقْنِي" (رواه أبو داود وحسنه الألباني)

ഇബ്നു അബ്ബാസ് رضي الله عنهما നിവേദനം. നബി ﷺ രണ്ട് സുജൂദുകൾക്കിടയിൽ ഇപ്രകാരം പറയുമായിരുന്നു:
"അല്ലാഹുവേ നീ എന്നോട് പൊറുക്കണേ, നീ എന്നോട് കരുണ ചെയ്യണേ, നീ എനിക്ക് സൗഖ്യം നൽകണേ, നീ എന്നെ നേർവഴി നയിക്കണേ, നീ എനിക്ക് വിഭവം നൽകണേ."
(അബൂ ദാവൂദ് സുനനിൽ ഉദ്ധരിച്ചത്)

മേൽ രിവായത്തുകളിൽ നിന്ന് ഈ ദുആ നമസ്കാരത്തിലും അല്ലാത്ത നേരത്തും ചെയ്യാം എന്നകാര്യം വ്യക്തമാകും والله أعلم. രണ്ട് സുജൂദുകൾക്കിടയിൽ ചൊല്ലേണ്ടുന്ന വാക്കുകൾ അബൂ ദാവൂദിനു പുറമെ തിർമുദി, ഇബ്നുമാജഃ, ഹാകിം, ബൈഹഖി, അഹ്മദ്, ദിയാഉൽ മഖ്ദസി, ത്വബറാനി എന്നിവർ രിവായത്ത് ചെയ്തതുകൂടി ചേർത്തുവെച്ചുകൊണ്ട് ഇമാം അൽബാനി رحمه الله പറയുന്നു:

قال النووي في "المجموع" (٣/٤٩٧): "فالاحتياط والاختيار أن يجمع بين الروايات، ويأتي بجميع ألفاظها؛ وهي: سبعة" (أصل صفة صلاة النبي ﷺ)

നവവി തന്റെ മജ്മൂഇൽ പറയുന്നു: അതിനാൽ സൂക്ഷ്മതയും ഉചിതവും എല്ലാ രിവായത്തുകളും ചേർത്തുവെച്ചുകൊണ്ട് അവയിൽ വന്ന

പദങ്ങളെല്ലാം ഉപയോഗിച്ച് ദുആചെയ്യലാണ്. അവ ഏഴെണ്ണമാണ്. (അസ്വ്‌ലു സ്വിഫതി സ്വലാത്തിന്നബി ﷺ)

ആ ഏഴ വചനങ്ങൾ അൽബാനി رحمه الله ഒരുമിച്ചുചേർത്ത് ഉദ്ധരിക്കുന്നത് ഇപ്രകാരം വായിക്കാം:

اللهم (وفي لفظ: رب!) اغفر لي، وارحمني، [واجبُرني]، [وارفعني]، واهدني، [وعافني]، وارزقني". (أصل صفة صلاة النبي ﷺ)

അല്ലാഹുവേ (റബ്ബേ എന്നാണ് മറ്റൊരു പാഠഭേദം) നീ എന്നോട് പൊറുക്കണേ, നീ എന്നോട് കരുണ ചെയ്യണേ, നീ എന്റെ കുറവുകൾ പരിഹരിച്ചു തരണേ, നീ എന്റെ സ്ഥാനം ഉയർത്തണേ, നീ എന്നെ നേർവഴി നയിക്കണേ, നീ എനിക്ക് സൗഖ്യം നൽകണേ, നീ എനിക്ക് വിഭവം നൽകണേ. (അസ്വ്‌ലു സ്വിഫതി സ്വലാത്തിന്നബി ﷺ)

സാന്ദർഭികമായി മുകളിൽ പരാമർശിച്ച രണ്ടു വാക്കുകളെക്കുറിച്ച് ചുരുങ്ങിയ ഒരു വിവരണം കൂടി നൽകാം.

നീ എന്റെ കുറവുകൾ പരിഹരിച്ചു തരണേ (واجبُرني). കുറവുകളാൽ പടക്കപ്പെട്ടവനാണ് മനുഷ്യൻ. സദാ കുറവുകളുമായി ജീവിക്കുന്നവൻ. തന്റെമേൽ ഏൽപ്പിക്കപ്പെട്ട ഉത്തരവാദിത്തങ്ങളിൽ വീഴ്ച പറ്റുന്നവൻ. വിലക്കു കളുടെ അതിർ വരമ്പുകൾ ഭേദിക്കുന്നവൻ. നന്ദികാണിക്കാൻ മറന്നുപോകു ന്നവൻ. അറിവിൽ, ഈമാനിൽ, ആരാധനയിൽ,

സ്വഭാവത്തിൽ... എണ്ണിയാ ലൊടുങ്ങാത്ത കുറവുകൾ. സമ്പൂർണ്ണനായ റബ്ബ് അവന്റെ കാരുണ്യത്താൽ പരിഹരിച്ചു തന്നെങ്കിലേ രക്ഷയുള്ളൂ.

നീ എന്റെ സ്ഥാനം ഉയർത്തണേ (وارفعني). അല്ലാഹുവാണ് ഉയർത്തുന്നവനും താഴ്ത്തുന്നവനും. അവനുദ്ദേശിക്കുന്നവരെ അവൻ ഉയർത്തുന്നു. ഈമാൻ കൊണ്ടും അറിവു കൊണ്ടും ഇഹലോകത്തും പരലോകത്തും ഉന്നത സ്ഥാനം നൽകുന്നു. സ്വർഗ്ഗത്തിൽ ദറജകൾ ഉയർത്തുന്നു.

## സാരസമ്പൂർണ്ണമായ അഞ്ച് വചനങ്ങളെക്കുറിച്ച്...

കുറഞ്ഞ വാക്കുകളിൽ കുറെയധികം കാര്യങ്ങൾ സമ്മേളിക്കുന്നു, അതാണ് ‘ജവാമിഅ്’. പ്രാർത്ഥനകളിൽ നബി ﷺ ഇഷ്ടപ്പെട്ടിരുന്നത്. ഇവിടെയിതാ അഞ്ച് വചനങ്ങൾ, അതിമഹത്തായ അനവധി കാര്യങ്ങൾ, സത്യവിശ്വാസി യുടെ ആവശ്യങ്ങളെല്ലാം സംഗമിക്കുന്ന സാരസമ്പൂർണ്ണമായ പ്രാർത്ഥന.

## അല്ലാഹുവേ, (اللهم)...

‘അല്ലാഹുമ്മ’ എന്ന വാക്കിന്റെ അർത്ഥം ‘യാ അല്ലാഹ്’ (അല്ലാഹുവേ) എന്നാണ്. അല്ലാഹുവിന്റെ അതിമഹത്തായ നാമത്തിനു (اسم الجلالة) മുന്നിൽ വിളിക്കാനുപയോഗിക്കുന്ന അക്ഷരമായ (حرف نداء) ‘യാ’ എന്നത് മാറ്റി പകരം നാമത്തിന്റെ അവസാനത്തിൽ അതിനെ

പ്രതിനിധീകരിക്കുന്ന 'മീം' നൽകി. അതിൽ അടങ്ങിയിരിക്കുന്ന ചില ഗുണങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം:

1 – അല്ലാഹുവിന്റെ അതിമഹത്തായ നാമത്തെ (اسم الجلالة) മുന്തിക്കുന്നു. അവന്റെ നാമം കൊണ്ട് ആരംഭിക്കുന്നു. അതിലൂടെ എല്ലാ നന്മയും ബറകത്തും പ്രതീ ക്ഷിക്കുന്നു. എല്ലാ ഉപദ്രവങ്ങളിൽ നിന്നും രക്ഷതേടുന്നു.

2 – നാമത്തിന്റെ അവസാനത്തിലെ 'മീം' ഒരുമിച്ചുചേർക്കുക (جمع) എന്ന ആശയം കൂടി നൽകുന്നു. അല്ലാഹുവിന്റെ ഉൽകൃഷ്ടമായ മുഴുവൻ നാമങ്ങളെയും അവന്റെ പൂർണ്ണതയുടെയും സൗന്ദര്യത്തിന്റെയും ഗുണവിശേഷങ്ങ ളെയും അത് സമ്മേളിപ്പിക്കുന്നു.

3 – പ്രസ്തുത 'മീം' നൽകുന്ന സമ്മേളനമെന്ന ആശയം പ്രാർത്ഥകന്റെ ഹൃദയം മറ്റൊന്നിലേക്കും ശിഥിലമാകാതെ അല്ലാഹുവിന്റെ മുന്നിൽ മാത്രം സാന്നിദ്ധ്യ മുറപ്പിക്കാനും, അവനിൽ മറ്റാരെയും പങ്കുചേർക്കാതിരിക്കാനും സഹായി ക്കുന്നു.

**അല്ലാഹുവേ നീ എന്നോട് പൊറുക്കണേ, (اللهم اغفر لي)**

ഇത് ശുദ്ധീകരണത്തിന്റെ വചനം. തൗഹീദിന്റെ കൂടെ അമ്പിയാക്കൾ ചേർ ത്തുപദേശിച്ച വസിയ്യത്ത്. അടിമ തന്റെ റബ്ബിനെ അറിയുന്നു. പാപങ്ങൾ പൊറുക്കുന്നവൻ, പിടികൂടി ശിക്ഷിക്കാൻ കഴിവുള്ളവൻ. തെറ്റുചെയ്ത് അക ന്നുപോയ തന്റെ അടിമ പാപമോചനം തേടി തിരിച്ചുവരുമ്പോൾ അങ്ങേയറ്റം ആഹ്ലാദിക്കുന്നവൻ.

പാപങ്ങൾ പൊറുത്തുകൊടുക്കുക മാത്രമല്ല അളവറ്റ അനുഗ്രഹങ്ങളും, ആഗ്രഹസഫലീകരണവും, സമ്പത്തിലും സന്താനങ്ങളിലും ആയുസ്സിലും വിഭവങ്ങളിലുമൊക്കെ ബറകത്തും, ഭയപ്പെടുന്ന എല്ലാ കാര്യ ങ്ങളിൽ നിന്നുമുള്ള സംരക്ഷണവും ഇസ്തിഗ്ഫാറിന് പ്രതിഫലമായി നൽ കുന്നവൻ. അവനിലേക്ക് അഭയം തേടുന്നു. ഹൃദയം കൊണ്ട് കുറ്റങ്ങൾ സമ്മതിച്ച് വേദിച്ചു മടങ്ങുന്നു. നാവുകൊണ്ട് പാപമോചനത്തിന് അലട്ടി യലട്ടി ചോദിക്കുന്നു. അതിനു സഹായകമായ ലളിതമായ വാക്ക്. റബ്ബിന് ഏറെ ഇഷ്ടമുള്ളത്. അവന്റെ റസൂൽ ﷺ ആവർത്തിച്ച് ഉരുവിട്ടത്. اللهم اغفر لي അല്ലാഹുവേ നീ എന്നോട് പൊറുക്കണേ.

പാപങ്ങൾ ഇഹപര സൗഖ്യങ്ങളെ നശിപ്പിക്കുന്നു. എല്ലാ ദുരിതങ്ങൾക്കും കാരണമായിത്തീരുന്നു. നന്മകൾക്ക് മുടക്കം നിൽക്കുന്നു. തെറ്റുകൾ പൊറുത്തുതരാൻ, അവയുടെ അടയാളങ്ങൾ മായ്ക്കാൻ, അനന്തരഫലങ്ങളിൽ നിന്ന് രക്ഷയേകാൻ അല്ലാഹുവല്ലാതെ ആരുണ്ട്! അവൻ ഏറെ പൊറുക്കുന്ന غفور ആണ്.

## നീ എന്നോട് കരുണചെയ്യണേ, (وارحمني)

അല്ലാഹു റഹ്മാനാണ്. അവന്റെ റഹ്മത്ത് അതിവിശാലമാണ്, പടപ്പുകളെ മുഴുവൻ അത് ഉൾക്കൊള്ളുന്നു. അത്യപാരമാണ്, അവന്റെ കോപത്തെയും അത് മറികടന്നിരിക്കുന്നു. അതിന്റെ വലിപ്പമാകട്ടെ, നൂറിൽ നിന്ന് ഒന്നു മാത്രമാണ് അവൻ ജിന്ന്, മനുഷ്യർ, മൃഗങ്ങൾ, ഇഴജന്തുക്കൾ പോലുള്ളവർ ക്കിടയിൽ ഇറക്കിക്കൊടുത്തത്. അതുമൂലമാണ് അവർ അന്യോന്യം കാരുണ്യം കാണിക്കുന്നത്.

അതുമൂലമാണ് വന്യമൃഗം അതിന്റെ കിടാവി നോട് കനിവ് കാണിക്കുന്നതും. തൊണ്ണൂറ്റി ഒമ്പത് റഹ്മത്തും അവൻ മാറ്റി വെച്ചിരിക്കുന്നു. അത് മുഖേന അന്ത്യനാളിൽ അടിയാറുകൾക്ക് അവൻ റഹ്മത്ത് ചെയ്യുന്നു.

അല്ലാഹു റഹീമാണ്. അവന്റെ പടപ്പുകൾക്ക് അളവറ്റ റഹ്മത്ത് സമൃദ്ധമായി അനുസ്യൂതം ചൊരിഞ്ഞുകൊടുക്കുന്നവൻ. തെറ്റുകൾ പൊറുത്തുതരുന്നത് അവന്റെ റഹ്മത്തിന്റെ ഭാഗമാണ്. മഗ്ഫിറത്ത് ചോദിക്കുന്നതിന്റെ കൂടെയാ കുമ്പോൾ റഹ്മത്തു കൊണ്ട് വിവക്ഷിക്കുന്നത് രണ്ടു കാര്യങ്ങളാണ്:

1 – ഉദാത്തമായ എല്ലാ ആഗ്രഹങ്ങളുടെയും സഫലീകരണം.

2 – ഭയപ്പെടുന്ന കാര്യങ്ങളിൽ നിന്നെല്ലാമുള്ള സംരക്ഷണം.

## നീ എന്നെ നേർവഴി നയിക്കണേ, (واهدني)

റഹ്മാനായ റബ്ബിന് സ്വീകാര്യവും തൃപ്തികരവുമായ വിധത്തിൽ ഇബാദത്ത് ചെയ്യണം. അതിനുള്ള വഴി അവൻ തന്നെ കാണിച്ചു തരണം. അല്ലാഹു വിലേക്കുള്ള, അവന്റെ തൃപ്തിയിലേക്കുള്ള, സ്വർഗ്ഗത്തിലേക്കുള്ള, അവിടെ വെച്ച് അവന്റെ തിരുമുഖം ദർശിക്കുന്നതിലേക്കുള്ള വഴി. എന്നെ നേർവഴി നയിക്കണേ, അല്ലാഹുവിന്റെ റഹ്മത്തിന്റെ വഴി തേടുന്ന വാക്ക്. അടിമയുടെ ഏറ്റവും വലിയ ആവശ്യം.

ഹിദായത്ത് രണ്ട് ഇനമുണ്ട്:

1 – ഏതാണ് നേർവഴി എന്ന് അറിയിച്ചു കൊടുക്കലും വിവരിച്ചു കൊടുക്കലും (هداية العلم والبيان)

2 – നേർവഴി സ്വീകരിക്കാനും പിന്തുടരാനുമുള്ള തൗഫീഖും ഉതവിയും നൽകൽ (هداية التوفيق)

സത്യത്തിന്റെ വഴി അറിയണം. ആ നേർവഴിയിൽ എന്തെല്ലാമുണ്ട് എന്നറി യണം. വഴിയിലെത്താനും വഴി തെറ്റാതെ നടക്കാനും ലക്ഷ്യസ്ഥാനമണയാനും വഴികാണിച്ചുതന്നവൻ തന്നെ അനുഗ്രഹിക്കണം. ഈ പ്രാർത്ഥന ഭക്ഷണ ത്തെക്കാൾ, വെള്ളത്തെക്കാൾ, ശ്വാസോച്ഛ്വാസത്തെക്കാൾ അത്യാവ ശ്യമാണ്. വഴിതെറ്റിയ എനിക്ക് നിന്റെ നേർവഴി കാണിച്ചു തരണേ. ആ വഴിയിലേക്ക് തിരിച്ചുവരാൻ, അതിൽ അനുവർത്തിക്കേണ്ട കാര്യങ്ങളെല്ലാം അസന്ദിഗ്ധമായും വിശദമായും ഉൾക്കൊണ്ട് മുന്നേറാൻ, ആ വഴിയിലായി രിക്കെ തന്നെ ജീവിതം ഗുണകരമായി പര്യവസാനിക്കാൻ തൗഫീഖ് നൽകണേ.

## നീ എനിക്ക് സൗഖ്യം നൽകണേ, (وعافني)

നീ എനിക്ക് ആഫിയത്ത് നൽകണേ. വളരെ ബൃഹത്തായ വാക്ക്. ഈമാനും യഖീനും കഴിഞ്ഞാൽ പിന്നെ കിട്ടാവുന്നതിൽ ഏറ്റവും വിലപ്പെട്ട അനുഗ്രഹം. രോഗങ്ങളിൽ നിന്നും മുക്തമായ അവസ്ഥക്ക് ആഫിയത്ത് എന്ന് പറയും. ആരോഗ്യം എന്ന് നമ്മൾ പറയുന്നത് അതിനാണ്. അത് ശാരീരികവും മാനസികവുമാകാം. അതൊക്കെ

ആഫിയത്തിൽപെടും. നമ്മുടെ ദീനിൽ നമുക്ക് ആഫിയത്ത് ലഭിക്കണം, അതാണ് ഏറ്റവും മുഖ്യം. അഖീദയിലും മൻഹജിലും യാതൊരു രോഗവും പിടിപെടാതെ രക്ഷപ്പെട്ടു പോകണം. അതുപോലെ മറ്റൊരു അനുഗ്രഹം വേറെയില്ല. ശിർക്കിൽ നിന്നും ബിദ്അത്തിൽ നിന്നും എല്ലാ തെറ്റുകുറ്റങ്ങളിൽ നിന്നുമുള്ള ആഫിയത്താണ് പ്രധാനം. ദുനിയാവിന്റെ കാര്യത്തിൽ എല്ലാ ഫിത്നകളിൽ നിന്നും ആഫിയത്ത് വേണം. ഇഹലോകത്തും പരലോകത്തും ആഫിയത്ത് ലഭിക്കണം. ഇത് നിത്യവും പകലിന്റെ രണ്ടറ്റങ്ങളിൽ അല്ലാഹുവിനോട് ചോദിക്കാൻ നബി ﷺ പഠിപ്പിച്ച ദിക്റുകളിൽ ഉൾപ്പെടുന്നതാണ്.

## നീ എനിക്ക് വിഭവം നൽകണേ. (وارزقني)

നീ എനിക്ക് രിസ്ഖ് നൽകണേ എന്ന് ചോദിക്കുന്നവരിൽ അധികവും മന സ്സിൽ കുറിച്ചിടുന്നത് നശ്വരമായ ഈ ദുനിയാവിലെ വെറും അന്നപാനീ യമോ ഉപജീവനോപാധികളോ മാത്രമാണ്. പലരും അവർക്ക് പഠിപ്പിച്ചു കൊടുത്ത ഒരു അബദ്ധമാണത്. യഥാർത്ഥത്തിൽ അത് മാത്രമല്ല രിസ്ഖ്. മറിച്ച് രിസ്ഖിലെ ഒരു ഇനം മാത്രമാണത്. വാഹനം എന്നാൽ സൈക്കിൾ എന്ന് അർത്ഥം പറയുന്നതുപോലെയാണത്. അല്ലാഹു നൽകുന്ന എല്ലാ വിഭവങ്ങളും രിസ്ഖാണ്. ബൗദ്ധികവും മാനസികവും കായികവുമായ ക്ഷമതകൾ, കഴിവുകൾ, നിപുണികൾ, പ്രത്യക്ഷവും പരോക്ഷവുമായ വിഭവങ്ങൾ പ്രകൃതിപരവും പ്രാപഞ്ചികവുമായ ഉപജീവനമാർഗ്ഗങ്ങൾ... അതിന്റെ പട്ടിക നമുക്ക് തിട്ടപ്പെടുത്താനാവില്ല. ചുരുക്കത്തിൽ അല്ലാഹു നൽകിയ മുഴുവൻ അറിവും കഴിവും സാമഗ്രികളും സന്നാഹങ്ങളും ആസ്വാദനങ്ങളും

അനുഗ്രഹങ്ങളും മറ്റും അവന്റെ രിസ്ഖിൽ പെട്ടതാണ്. ഈമാനും സൽകർമ്മങ്ങളുമാണ് ഏറ്റവും വിലപ്പെട്ട രിസ്ഖ്. അല്ലാഹു വിനോടു മാത്രമാണ് രിസ്ഖ് ചോദിക്കേണ്ടത്. അല്ലാഹു പറയുന്നു:

﴿فَٱبۡتَغُواْ عِندَ ٱللَّهِ ٱلرِّزۡقَ وَٱعۡبُدُوهُ وَٱشۡكُرُواْ لَهُۥٓۖ إِلَيۡهِ تُرۡجَعُونَ﴾ (العنكبوت ١٧)

"അതിനാൽ നിങ്ങൾ അല്ലാഹുവിന്റെയടുക്കൽ മാത്രം രിസ്ഖ് അന്വേഷിക്കുകയും അവനെ മാത്രം ആരാധിക്കുകയും അവന് നന്ദികാണിക്കുകയും ചെയ്യുവിൻ. അവനിലേക്കാകുന്നു നിങ്ങളുടെ മടക്കം." (അൻകബൂത്ത് 17)

നീ എനിക്ക് രിസ്ഖ് നൽകണേ എന്ന പ്രാർത്ഥന അവനല്ലാത്തവരോട് ചോദിക്കുന്നതിൽ നിന്ന് ധന്യത നൽകുന്നു.

മഗ്ഫിറത്തിന്റെ തുടർച്ചയാണ് റഹ്മത്ത്. അവയുടെ ഫലമാണ് ഹിദായത്ത്. അതിലൂടെയാണ് ആഫിയത്ത്. ഇവയെല്ലാം ഒത്തുചേരുമ്പോൾ രിസ്ഖ് എളുപ്പമാകുന്നു. അതിലൂടെ ഇഹപര ഗുണങ്ങൾ ഒന്നിച്ചു ലഭിക്കുന്നു.

• • • • •

ഖുർആനും സുന്നത്തും സലഫുകളുടെ മൻഹജ്
അനുസരിച്ച് മനസ്സിലാക്കുവാനും പഠിക്കുവാനും
ഉതകുന്ന ഗ്രന്ഥങ്ങളും കഴമ്പുള്ള ലേഖനങ്ങളും

ISLAMBOOKS.IN

www.islambooks.in

ഖുർആൻ പരിഭാഷകളും വ്യാഖ്യാനങ്ങളും
വായിക്കുന്നവർക്കുള്ള ഒരു മാർഗ്ഗരേഖ

ഖുർആൻ വിവരണം

www.quranvivaranam.com

ഖുർആനും സുന്നത്തും സച്ചരിതരായ പൂർവികർ
മനസ്സിലാക്കിയ പോലെ അതിന്റെ ഏറ്റവും
പരിശുദ്ധവും വ്യക്തവുമായ രൂപത്തിൽ പഠിക്കാൻ

ilmusSalaf
Darul Hadeeth As-Salafiyya,Kerala

www.ilmussalaf.com